File No.SJD/1891/2020-E1

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. SJD/1891/2020-E1

തിരുവനന്തപുരം,
തീയതി. 27/05/2020

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം-ശ്രീ.സെബാസ്റ്റ്യൻ അഗസ്റ്റിൻ സൂപ്രണ്ട് ഗ്രേഡ്-1 ന് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : കാസർഗോഡ് വൃദ്ധ മന്ദിരം സൂപ്രണ്ട് ഗ്രേഡ്-1 ൽ നിന്നും ലഭ്യമായ 12/5/2020 ലെ സ്ഥലംമാറ്റ അപേക്ഷ.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ വരുന്ന കാസർഗോഡ് വയോജന സദനത്തിലെ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലെ ജീവനക്കാരനായി ശ്രീ.സെബാസ്റ്റ്യൻ അഗസ്റ്റിൻ സേവനം അനുഷ്ഠിച്ച് വരുകയാണ്. ഇടുക്കി വൃദ്ധ മന്ദിരം സൂപ്രണ്ടായ ശ്രീ.വി.കെ.രാധാകൃഷ്ണപിള്ള സേവനത്തിൽ നിന്നും 31/05/2020 ൽ പെൻഷൻ പറ്റി വിരമിക്കുകയാണ്. ശ്രീ.വി.കെ.രാധാകൃഷ്ണപിള്ള പെൻഷൻ പറ്റി വിരമിക്കുന്നതിനു മുന്നോടിയായി എൽ .പി.ആർ അവധിയിൽ പ്രവേശിച്ചിട്ടുണ്ട്.

ശ്രീ.സെബാസ്റ്റ്യൻ അഗസ്റ്റിന് പ്രായാധിക്യമുള്ള അമ്മയുടെ സംരക്ഷണം നിർവഹിക്കേണ്ടിയുള്ളതിനാൽ നിലവിൽ ഒഴിവുള്ള ഇടുക്കി വൃദ്ധ മന്ദിരത്തിലെ സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ജീവനക്കാരൻ പരാമർശ പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ജീവനക്കാരന്റെ അപേക്ഷ പരിശോധിച്ചതിൽ പരിഗണനാർഹമാണെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ ശ്രീ.സെബാസ്റ്റ്യൻ അഗസ്റ്റിന് ഇടുക്കി വൃദ്ധ മന്ദിരം സൂപ്രണ്ട് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കാസർഗോഡ് വൃദ്ധസദനത്തിലെ മേട്രൺ ഗ്രേഡ് -1 ശ്രീമതി.ഇ.എ.ആസ്യാമ്മ, സൂപ്രണ്ട് ഗ്രേഡ്-I തസ്തികയുടെ പൂർണ്ണ അധിക ചുമതല ഏറ്റെടുക്കുകയും വിവരം ഈ കാര്യാലയത്തിലേക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. അക്കൌണ്ടന്റ് ജനറൽ എ&ഇ കേരള തിരുവനന്തപുരം ആമുഖ കത്ത് സഹിതം
2. ജില്ല സാമൂഹ്യനീതി ഓഫീസർ, കാസർഗോഡ്/ഇടുക്കി
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്